(സി) ബി.പി.എൽ., എ.പി.എൽ. എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ, ഗവൺമെന്റ് ജീവനക്കാർ തുടങ്ങിയവർക്ക് കുറഞ്ഞ നിരക്കിൽ ഫ്ലാറ്റുകൾ അനുവദിക്കുന്നതിനുള്ള പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ :

1. ഗൃഹശ്രീ ഭവന പദ്ധതി
2. സാഫല്യം ഭവന പദ്ധതി
3. ഇന്നൊവേറ്റീവ് ഭവന പദ്ധതി
4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി
5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതി
6. സുരക്ഷാ ഭവന പദ്ധതി
7. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി
8. എം.എൻ. ലക്ഷം വീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതി

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ബി.പി.എൽ., എ.പി.എൽ. എന്നീ വിഭാഗത്തിൽപ്പെട്ടവർ, ഗവൺമെന്റ് ജീവനക്കാർ തുടങ്ങിയവർക്ക് കുറഞ്ഞനിരക്കിൽ ഫ്ലാറ്റുകൾ അനുവദിക്കുന്നതിനുള്ള പുതിയ പദ്ധതികൾ നിലവിൽ ബോർഡിന്റെ പരിഗണനയിലില്ല.

മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട്

210 (555) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ്ജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പ് മുഖേന ഗ്രാമീണ മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676-ന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് :

1. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി 2000 ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി തയ്യാറാക്കൽ.

2. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന ഗുണഭോക്താക്കളിൽ എഗ്രിമെന്റ് വച്ച് ഇനിയും ഭവനം പൂർത്തീകരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കൽ.

(സി&ഡി) മിഷൻ 676-ന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭ നഷ്ടം

211 (556) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ പത്ത് വർഷമായിട്ടുള്ള ലാഭ നഷ്ടകണക്കുകളുടെ വിശദവിവരം വർഷം തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly